**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 546** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>അതിഥി തൊഴിലാളികൾക്കിടയിലെ ലഹരി വ്യാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉമ തോമസ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. എ. ഡി. തോമസ്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** അതിഥി തൊഴിലാളികൾ കൂട്ടം കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിലും പരിസര പ്രദേശങ്ങളിലും ലഹരി പദാർത്ഥങ്ങളുടെ വ്യാപനം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്.

**(ബി)** എങ്കിൽ അത് തടയുന്നതിനുള്ള കർശനനടപടികൾ സ്വീകരിക്കുമോ;

**<u>മറുപടി:</u>** സ്വീകരിച്ച് വരുന്നു.

**(സി)** അതിഥി തൊഴിലാളികൾ വഴി മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ലഹരി വസ്തുക്കൾ എത്തുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>മറുപടി:</u>** കേരളത്തിലേക്ക് വൻതോതിൽ കഞ്ചാവും മറ്റ് മയക്കമരുന്നുകളും അന്യസംസ്ഥാനങ്ങളിൽ നിന്ന് കടത്തിക്കൊണ്ടുവരുന്ന സാഹചര്യത്തിൽ, കുറ്റകൃത്യങ്ങളുടെ ഉറവിടം കണ്ടെത്തി കടത്ത് ശൃംഖലകളെ തകർക്കുന്നതിനുള്ള നടപടികൾ എക്സൈസ് വകുപ്പ് ശക്തമായി സ്വീകരിച്ചുവരുന്നു. അന്തർസംസ്ഥാന വാഹനങ്ങളിലും ട്രെയിനുകളിലും നിരോധിത പുകയില ഉൽപ്പന്നങ്ങളും മയക്കമരുന്നുകളും കേരളത്തിലേക്ക് കടത്തുന്നത് തടയുന്നതിനായി വിപുലമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. റെയിൽവേ പോലീസ്, മറ്റ് അന്വേഷണ ഏജൻസികൾ എന്നിവരുമായി സഹകരിച്ച് സംസ്ഥാന അതിർത്തികളിലും ട്രെയിനുകളിലും കർശന പരിശോധനകൾ നടത്തിവരുന്നു. കൂടാതെ കേസുകളിൽ പിടികൂടുന്ന മയക്കമരുന്നിന്റെ ഉറവിടം കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. മയക്കമരുന്ന് കടത്തിന്റെ പ്രധാന പ്രഭവകേന്ദ്രങ്ങൾ തെലങ്കാന, ആന്ധ്രപ്രദേശ്, ഒഡീഷ എന്നീ സംസ്ഥാനങ്ങളാണെന്ന് വിവിധ കേസുകളുടെ അന്വേഷണത്തിൽ നിന്നും ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത സംസ്ഥാനങ്ങളിൽ നിന്നും മയക്കമരുന്ന് എത്തിച്ചതായി കണ്ടെത്തിയ കേസുകളുടെ വിശദാംശങ്ങൾ നാർക്കോട്ടിക് കൺട്രോൾ ബ്യൂറോയ്ക്ക് (NCB) കൈമാറുകയും, ടി വിവരങ്ങൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളിലെ പോലീസിനും മയക്കമരുന്ന് വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മറ്റ് ഏജൻസികൾക്കും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

അതിഥി തൊഴിലാളികളിൽ ഒരു വിഭാഗം ലഹരി ഉപയോഗത്തിലും വിപണനത്തിലും ഉൾപ്പെടുന്നതായി കണ്ടെത്തിയ സാഹചര്യത്തിൽ, അവർ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങൾ, തൊഴിലിടങ്ങൾ, ക്യാമ്പുകൾ എന്നിവിടങ്ങളിൽ നിരന്തര പരിശോധനകളും പ്രത്യേക റെയ്ഡുകളും നടത്തിവരുന്നു. അതിഥി തൊഴിലാളികൾ കൂടുതലായി എത്തിച്ചേരുന്ന റെയിൽവേ സ്റ്റേഷനുകൾ, അന്തർസംസ്ഥാന ബസുകൾ, തൊഴിലിടങ്ങൾ എന്നിവിടങ്ങളിൽ എക്സൈസ്, പോലീസ്, റെയിൽവേ പോലീസ് ഉടങ്ങിയ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധനകൾ സംഘടിപ്പിക്കുന്നുണ്ട്. അതിഥി തൊഴിലാളികൾ പ്രധാനമായും ഉപയോഗിക്കുന്ന ട്രെയിനുകളിലും അന്തർസംസ്ഥാന ബസ് സർവീസുകളിലും പൊലീസ് ഡോഗ് സ്ക്വാഡിന്റെ സഹായത്തോടെ പ്രത്യേക പരിശോധനകളും നടത്തിവരുന്നു.

അതിഥി തൊഴിലാളികൾക്കിടയിൽ വർധിച്ചുവരുന്ന മദ്യ-മയക്കുമരുന്ന് ഉപയോഗവും വിപണനവും ഫലപ്രദമായി തടയുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സഹകരണത്തോടെ വിമുക്തി മിഷന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികൾക്കിടയിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരായ ബോധവൽക്കരണ പരിപാടികളും പ്രതിരോധ പ്രവർത്തനങ്ങളും സംഘടിപ്പിച്ചു വരുന്നു. സംഘടിത ലഹരി ശൃംഖലകളെ കണ്ടെത്തി നിയമപരമായി തകർക്കുന്നതിനും സംസ്ഥാനത്തേക്കുള്ള ലഹരിക്കടത്ത് ഫലപ്രദമായി തടയുന്നതിനുമായി സമഗ്രമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**സെക്ഷൻ ഓഫീസർ**